# Deepika

## 10 August 2018

## Thiruvananthapuram, Monsoon Fury, Heavy Rain, Landslide, Widespread Damage

# കേരളം ദുരിതപ്പേമാരിയിൽ

● മഴക്കെടുതിയിലും ഉരുൾപൊട്ടലിലും മരണം 22

സ്വന്തം ലേഖകൻ

**തിരുവനന്തപുരം:** കേരളം ദുരിതപ്പേമാരിയിൽ. സംസ്ഥാനത്തു പെയ്യുന്ന അസാധാരണമായ കനത്ത മഴയെ തുടർന്നുള്ള വെള്ളപ്പൊക്കവും ഉരുൾപൊട്ടലുമാണു വൻ നാശനഷ്ടത്തിന് ഇടയാക്കിയത്. മലബാർ മേഖലയിലും മധ്യകേരളത്തിലുമാണു കൂടുതൽ നാശം. വയനാട് പൂർണമായും ഒറ്റപ്പെട്ട നിലയിലാണ്. കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് ഇന്നലെ മരിച്ചവരുടെ എണ്ണം 22 ആയി ഉയർന്നു.

ഇടുക്കിയും ഇടമലയാറും ഉൾപ്പെടെയുള്ള അണക്കെട്ടുകൾ തുറന്നുവിട്ടു. ഇതേ തുടർന്ന് ആലുവ അടക്കമുള്ള നഗരങ്ങളിൽ വെള്ളം കയറി. നെടുമ്പാശേരി വിമാനത്താവളം കുറേനേരത്തേക്ക് അടച്ചിട്ടു. മലപ്പുറം നിലമ്പൂരിൽ അസാധാരണമായ കനത്ത മഴ ലഭിച്ചതായാണു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ കണക്ക്. ഇവിടെ ഇന്നലെ 40 സെന്റിമീറ്റർ മഴയാണു പെയ്തത്. മാനന്തവാടിയിൽ 31 സെന്റിമീറ്ററും മഴ ലഭിച്ചു.

അതിശക്തമായ മഴയ്ക്കൊപ്പം ഉരുൾപൊട്ടിയും വീടുകൾ തകർന്നുമാണ് ഏറെയും ആളപായം സംഭവിച്ചത്. നിരവധി സ്ഥലങ്ങളിൽ ഉരുൾപൊട്ടിയ ഇടുക്കിയിൽ 11 പേരും മലപ്പുറത്ത് അഞ്ചുപേരും വയനാട്ടിൽ മൂന്നുപേരും കണ്ണൂരിൽ രണ്ടുപേരും മരിച്ചു.

പേമാരി ഏറെ നാശം വിതച്ചത് വടക്കൻ ജില്ലകളിലാണ്. വയനാട്, മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് കൂടുതൽ നാശനഷ്ടം. മലയോരമേഖലകളിലെ റോഡുകളിൽ പലതും ഒലിച്ചുപോയി. നൂറോളം വീടുകൾ തകർന്നു. ആയിരക്കണക്കിനു വീടുകളിൽ വെള്ളംകയറി. സംസ്ഥാനത്തിന്റെ പലഭാഗത്തും വൈദ്യുതി ബന്ധം തടസപ്പെട്ടിരിക്കുകയാണ്.

വിവിധ സ്ഥലങ്ങളിലായി സജ്ജീകരിച്ച ദുരിതാശ്വാസ ക്യാമ്പുകളിൽ ആയിരക്കണക്കിന് ആളുകൾ അഭയം തേടി. അതീവ ഗുരുതരമായ സാഹചര്യത്തെ തുടർന്നു സർക്കാർ സൈന്യത്തിന്റെ സഹായം തേടി. കോഴിക്കോട് കേന്ദ്രമാക്കി മലബാർ മേഖലയിൽ ദുരിതാശ്വാസ പ്രവർത്തനം നടത്താൻ കര, നാവിക സേനകളുടെയും ദുരന്ത പ്രതികരണ സേനയുടെയും യൂണിറ്റുകൾ എത്തി ച്ചേർന്നു.

നീരൊഴുക്കു ശക്തമായ സാഹചര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ ജലസംഭരണികളായ ഇടുക്കി, കക്കി, ലോവർപെരിയാർ എന്നിവ തുറന്നുവിട്ടു. രാവിലെ എട്ടു മണിക്ക് ലോവർ പെരിയാർ തുറക്കുമെന്നറിച്ചിരുന്നുവെങ്കിലും നിറഞ്ഞതിനെത്തുടർന്ന് പുലർച്ചെ അഞ്ചിനുതന്നെ തന്നെ തുറന്നു. ഇടുക്കിയിൽ അപ്രതീക്ഷിതമായി വെള്ളം ഉയർന്നതിനാൽ, 26 വർഷത്തിനു ശേഷം ആദ്യമായി ചെറുതോണി അണക്കെട്ടിലെ ഒരു ഷട്ടർ തുറന്നു ട്രയൽ റണ്ണിനായി വെള്ളം പുറത്തേക്കൊഴുകി. ഇവിടെ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇന്നു കൂടുതൽ ഷട്ടറുകൾ തുറക്കും.

ആഢ്യൻപാറ ജലവൈദ്യുത പദ്ധതിയുടെ പവർ ഹൗസ് കനത്ത മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി. ശബരിഗിരി പദ്ധതിയിലെ ആനത്തോട് അണക്കെട്ട് തുറന്നതു പ്രളയക്കെടുതിയിലായ കുട്ടനാട്ടിൽ വീണ്ടും ആശങ്ക സൃഷ്ടിച്ചു. പ്രളയക്കെടുതി വിലയിരുത്താൻ കേന്ദ്രസംഘത്തിന്റെ പരിശോധന സംസ്ഥാനത്ത് നടക്കവേയാണ് വീണ്ടും ദുരിതം.

ജലാശയങ്ങൾ നിറഞ്ഞുകവിഞ്ഞെങ്കിലും കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ മഴ വലിയ നാശം വിതച്ചില്ല. മണ്ണിടിഞ്ഞും കെട്ടിടങ്ങൾ തകർന്നും തിരുവനന്തപുരത്ത് ഏഴുപേർക്കു പരിക്കേറ്റു.

വിവിധ ജില്ലകളിലായി 129 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 7305 പേരെ ക്യാമ്പുകളിലേക്കു മാറ്റി. 18 വീടുകൾ പൂർണമായും 301 വീടുകൾ ഭാഗികമായും തകർന്നു. 702 ഹെക്ടർ സ്ഥലത്ത് കൃഷിനാശമുണ്ടായി.